ഭവന നിർമ്മാണ പദ്ധതികൾ

141(2130) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബല ജനവിഭാഗങ്ങൾക്ക് സ്വന്തമായി വീട് നിർമ്മിക്കാൻ ഭവന നിർമ്മാണ ബോർഡ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി പ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദുർബല ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കാൻ ഭവന നിർമ്മാണ ബോർഡ് മുഖേന ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി എന്നീ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഗൃഹശ്രീ ഭവന പദ്ധതിക്കായി 2013-14 വർഷത്തിൽ അനുവദിച്ച 10.50 കോടി രൂപ വിനിയോഗിച്ച് 525 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സാഫല്യം ഭവന പദ്ധതിക്കായി ഇതുവരെ 288.24 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

മദ്രാസ് ഐ.ഐ.ടി.-യുടെ ചെലവുകുറഞ്ഞ ഗൃഹനിർമ്മാണ മാതൃക

142(T2131) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രാസ് ഐ.ഐ.ടി. രൂപകൽപ്പന ചെയ്ത ചെലവുകുറഞ്ഞ ഗൃഹനിർമ്മാണ മാതൃക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം മാതൃകകൾ നടപ്പിലാക്കാൻ മുൻകൈയെടുക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly